**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 16** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാട്ടാക്കട നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിൽക്കുന്ന വീടിന്റെ ഭിത്തി ഇടിഞ്ഞ് അപകടകരമായ അവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപകടകരമായ പ്രസ്തുത സ്ഥലത്ത് അടുത്ത മഴയ്ക്ക് മുൻപ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിയ്ക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ശ്രീ.ക്രിസ്തുദാസ് എന്നയാളുടെ വീടിന്റെ ഭിത്തിയിൽ വിള്ളലുകൾ ഉള്ളതായി<br><br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടിയാന്റെ ഉടമസ്ഥതയിലുള്ള 15 സെൻറ് സ്ഥലവും പഴക്കം<br><br>ചെന്ന ഷീറ്റിട്ട വീടും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വടക്ക് വശത്ത്<br><br>പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതും ടിയാളുടെ വസ്തുവിന്<br><br>സമാന്തരമായി നിന്നിരുന്നതുമായ 25 സെൻറ് സ്ഥലത്ത്, 2017 ൽ കേരള പോലീസ്<br><br>ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിൽ പോലീസ് സ്റ്റേഷൻ<br><br>നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി ഏകദേശം 8 അടിയോളം താഴ്ചയിൽ മണ്ണ്<br><br>നീക്കം ചെയ്തതിന്റെ ഫലമായിട്ടാണ് വീടിനു വിള്ളലുകൾ സംഭവിച്ചത്. വീടിന്<br><br>സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകണമെന്ന മാറനല്ലൂർ ഗ്രാമ പഞ്ചായത്ത്<br><br>കമ്മിറ്റിയുടെ തീരുമാനം 16.10.2021 ൽ കേരള പോലീസ് ഹൗസിംഗ് ആൻഡ്<br><br>കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കു മാറനല്ലൂർ പഞ്ചായത്ത്<br><br>സെക്രട്ടറി കത്ത് മുഖേന കൈമാറിയിരുന്നു.<br><br>തുടർന്ന് കേരളാ പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിക്കുകയും, ചെറുകിട മരാമത്ത് പ്രവൃത്തികൾക്കായി അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ